"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ശ്രീ.ബേബി.പി.വി.അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്- ന് കൊച്ചി സിറ്റി തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിലെ **E 2** നമ്പർ ക്വാർട്ടേഴ്സിൽ **16.12.2025** മുതൽ **31.05.2026** വരെ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.**236/2026/HOME** തീയതി,തിരുവനന്തപുരം, **20-01-2026**

---

പരാമർശം:-
1. ശ്രീ.ബേബി.പി.വി.അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്- ന്റെ **10.12.2025** തീയതിയിലെ അപേക്ഷ.
2. സംസ്ഥാന പോലീസ് മേധാവിയുടെ **17.12.2025** തീയതിയിലെ **H14-249514/2025/PHQ** നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ബേബി. പി.വി. അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, കൊച്ചി സിറ്റി പോലീസിന് കീഴിൽ പ്രവർത്തിയെടുത്തിരുന്ന സമയത്ത് ടിയാന് തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിലെ **E 2** നമ്പർ ക്വാർട്ടേഴ്സ് അനുവദിച്ചു. ടിയാൻ **15-06-2025** തീയതി കൊച്ചി സിറ്റി യൂണിറ്റിൽ നിന്നും പത്തനംതിട്ട ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ ആയതിനെ തുടർന്ന്, കൺട്രോളിങ് അതോറിറ്റി ടിയാന് **16.06.2025** മുതൽ **15.12.2025** വരെ പ്രസ്തുത ക്വാർട്ടേഴ്സിൽ താമസം അനുവദിച്ചു. പ്രസ്തുത കാലാവധി അവസാനിക്കാറായതിനാൽ സർവ്വീസിൽ നിന്ന് വിരമിക്കുന്ന **31.05.2026** വരെ പ്രസ്തുത ക്വാർട്ടേഴ്സിൽ ടിയാന് തുടർ താമസം അനുവദിക്കുന്നതിനായി പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചു.പ്രസ്തുത അപേക്ഷയിൽ, ടിയാന്റെ മകൻ തൃക്കാക്കര കർദിനാൾ സ്ക്കൂളിൽ പഠിക്കുന്നതിനാലും **31.05.2026** ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും ടിയാനും കുടംബത്തിനും **31.05.2026** വരെ ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിക്കണമെന്ന് അഭ്യർഥിച്ചിട്ടുണ്ട്.

2.തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിൽ നിലവിൽ ക്വാർട്ടേഴ്സ് ഒഴിവുള്ളതാണ് എന്നും, മറ്റ് അപേക്ഷകൾ ഒന്നും നിലവിൽ ഇല്ല എന്നും, ആയതിനാൽ ശ്രീ.ബേബി.പി.വി. അഡീഷണൽ സൂപ്രണ്ടിന് ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിക്കാവുന്നതാണെന്നും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ

ശ്രീ.ബേബി.പി.വി. അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, പത്തനംതിട്ട-യ്ക്ക് കൊച്ചി സിറ്റി തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിലെ E 2 നമ്പർ ക്വാർട്ടേഴ്സിൽ 16.12.2025 മുതൽ 31.05.2026 വരെ തുടർ താമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചു.

3.മേൽ വിഷയം സർക്കാർ പരിശോധിച്ചു. ശ്രീ.ബേബി പി.വി.അഡീഷണൽ സൂപ്രണ്ട് 31.05.2026 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിൽ നിലവിൽ ക്വാർട്ടേഴ്സ് ഒഴിവുള്ളതാണെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ശ്രീ.ബേബി പി.വി. അഡീഷണൽ സൂപ്രണ്ടിന്റെ അപേക്ഷയും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയും പരിഗണിച്ച്, ശ്രീ.ബേബി പി.വി. അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, പത്തനംതിട്ട- യ്ക്ക് കൊച്ചി സിറ്റി തൃക്കാക്കര പോലീസ് ക്വാർട്ടേഴ്സിലെ E2 നമ്പർ ക്വാർട്ടേഴ്സിൽ 16.12.2025 തീയതി മുതൽ 31.05.2026 വരെ തുടർ താമസം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി ,തിരുവനന്തപുരം.
2.കമ്മീഷണർ ഓഫ് പോലീസ് ,കൊച്ചി സിറ്റി.
3.ശ്രീ.ബേബി പി.വി. അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, പത്തനംതിട്ട.( കമ്മീഷണർ ഓഫ് പോലീസ് ,കൊച്ചി സിറ്റി മുഖേന)
4.കരുതൽ ഫയൽ (HOME-D3/265/2025-HOME )

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 20-01-2026 10:30:24
സെക്ഷൻ ഓഫീസർ

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

2.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്,